GLPS
THODIYOOR

# ACADEMIC MASTER PLAN

## CLASS I

2025-26

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികാസമാണ് പാഠ്യപദ്ധതി ലക്ഷ്യംവെക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനപ്പുറം കുട്ടികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ നേട്ടങ്ങൾകൂടി കൈവരിക്കുവാൻ ആവശ്യമായ നേട്ടങ്ങൾകൂടി കൈവരിക്കുവാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ജൂൺമാസം വർഷം മെയ്മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പാക്കുന്നതുമായ തുടർ പ്രവർത്തന സാധ്യതയുള്ള വിവിധപദ്ധതികളാണ് അവതരിപ്പിക്കുന്നത്. കായിക വിദ്യാഭ്യാസവും കലയും സർഗാത്മക പഠനവുമെല്ലാം ഉൾക്കൊള്ളിച്ച് വളരെ കാര്യക്ഷമമായ പ്രവർത്തനപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* വർധിച്ചുവരുന്ന സാമൂഹിക പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെടുകയും തെറ്റും ശരിയും വേർതിരിച്ചറിയുവാനുമുള്ള പ്രാപ്തി നേടുക.

ഒന്നാം ക്ലാസിലെ എല്ലാകുട്ടികളെയും ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാകുട്ടികളും സ്വന്തം ആശയം മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവുനേടുമെന്ന് ഉറപ്പുവരുത്തുക.
* ഒറ്റസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ (1-20) ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് കഴിവുനേടുക.
* തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും കഴിവുനേടുക.
* കുട്ടിയുടെ ശാരീരികവും മാനസികവുമായ ക്ഷമത ഉറപ്പുവരുത്തുക.

## പ്രവർത്തന പദ്ധതി

### ജൂൺ

* ടീച്ചറിന്റെയും കുട്ടികളുടെയും അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കുന്നു.
* വ്യക്തി ശുചിത്വവും പരിസരശുചിത്വവും

പാലിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കുക.

* ഗതാഗത നിയമങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുക.
* സാമൂഹ്യ പ്രശ്നങ്ങൾ തിരിച്ചറിയുന്നു. അതിൽ നിന്നും വിട്ടുനിൽക്കുവാനുള്ള ശേഷി നേടുന്നു.
* ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കുവെക്കുന്നു.
* രക്ഷിതാക്കൾക്ക് കഥപറയൽ പരിശീലനം.
* സംഖ്യകൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നു.

ജൂലൈ

* ടീച്ചർ പുസ്തകങ്ങൾ ഭാവാത്മകമായി വായിച്ച് കേൾപ്പിക്കുന്നു.
* രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ച് കേൾപ്പിക്കുന്നു. (ചൂണ്ടിവായന)
* കേട്ടകഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.
* ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.
* താളത്തോടെ കവിതകൾ ചൊല്ലുന്നു. (പാട്ടരങ്ങ്)
* കഥാശില്പശാല.

* ചിത്രകാർഡുകൾ, വായനാകാർഡുകൾ - നിർമ്മാണ ശില്പശാല.
* ഡിജിറ്റൽ സാധ്യതകൾ പ്രയോജനപ്പെടുത്തി കഥകാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യത ഒരുക്കൽ.
* ഗണിത വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* ഡയറി എഴുതൽ പരിശീലനം നൽകുന്നു.

തുടർന്ന്

* തിയേറ്റർ സാധ്യതകൾ, വായനക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ.
* കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും ഉപകരണങ്ങളുടെ സഹായത്തോടെയും അവതരിപ്പിക്കുവാൻ അവസരം
* വലിയ സംഖ്യ ചെറിയ സംഖ്യ എന്നിവ തിരിച്ചറിയുന്നു.
* ഡയറി അമ്മയും കുട്ടിയും ചേർന്ന് എഴുതുന്നു.

## സെപ്റ്റംബർ

* ചിത്രവായന നടത്തി (പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.
(കുട്ടികളുടെ വാചിക പ്രകടനങ്ങൾ)
* ചിത്രങ്ങളുടെ അടിയിൽ ഉചിതമായ അടിക്കുറി-പ്പെഴുതൽ
* ചിത്ര വായനകാർഡുകൾ തയാറാക്കൽ
* കൂട്ടുവായന - കുട്ടികൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.
* ഒറ്റസംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയുന്നു.

## ഒക്ടോബർ

* ഉചിതമായ വായനകാർഡുകൾ സഹായത്തോടെ വായിക്കുന്നു.
* വേദികളിൽ സ്വന്തമായി കഥപറയൽ.
* സംഘഗാനങ്ങൾ പാടുന്നു.
ശേഖരിക്കുന്നു.
* ഒന്നിടവിട്ടസംഖ്യയാണ് ഒറ്റസംഖ്യ എന്ന തിരിച്ചറിവ്

## നവംബർ - ഡിസംബർ

* ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.
* കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം.
* നാട്ടുവായന - കുട്ടികൾ വായിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് സമൂഹമാധ്യമങ്ങളിലൂടെ പങ്കിടുന്നു.
* ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു
* ഒരക്ക സംഖ്യയുടെയും രണ്ടക്ക സംഖ്യയുടെയും പ്രത്യേകത പൂർണമായും മനസിലാക്കുന്നു.

## ജനുവരി

* ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.
* വായനകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.
* സങ്കലന പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ഫെബ്രുവരി

* ചെറിയ ബാലസാഹിത്യകൃതികൾ ലൈബ്രറിയിൽ ഒരുക്കുന്നു.
* കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.
* സ്വതന്ത്ര വ്യവഹാര പ്രവർത്തനങ്ങൾ ചെയ്യുന്നു

## മാർച്ച്

* ചിത്രകഥാപുസ്തകങ്ങൾ വായിക്കുന്നു
* സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.
* നവമാധ്യമങ്ങളിൽ പങ്കിടുന്നു. (നാട്ടുവായന)
* ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ഉല്ലാമാസവും

* സംയുക്തഡയറി കൃത്യമായി പൂർത്തീകരിക്കൽ.
* ദിനാചരണ പ്രവർത്തനങ്ങൾ
* ക്ലാസ്തല ക്വിസ് മത്സരം
* ഭാഷാപിരിയഡുകളിൽ തത്സമയ നിർമ്മിത കഥകൾ വായിക്കൽ.

* ഒന്നാം ക്ലാസിൽ പ്രവേശിക്കുന്ന കുട്ടികളെ വായിച്ച് കേൾപ്പിക്കുന്നതിനാവശ്യമായ വായന കാർഡുകളുടെ നിർമ്മാണം. വിതരണം
* ക്ലാസ് ലൈബ്രറിയിൽ 20 പുസ്തകങ്ങൾക്കെങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് സൗകര്യം ഒരുക്കൽ.
* പ്രകൃതി നടത്തം
* പൂന്തോട്ട നിർമ്മാണം, നിരീക്ഷണം
* ചുറ്റുപാടുമുള്ള നിരന്തര നിരീക്ഷണവും കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കൽ
* പരീക്ഷണത്തിൽ ഏർപ്പെടൽ.
* സ്വന്ത പരിശീലനം.

[illegible] II

[illegible]

2025- 26

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ - GLPS Thodiyoor.

ക്ലാസ് - II . A

ക്ലാസ് ടീച്ചറുടെ പേര് -

ഉപജില്ല - കരുനാഗപ്പള്ളി

ജില്ല - കൊല്ലം.

## ഉള്ളടക്കം

1. ആമുഖം.
2. പ്രവർത്തന കലണ്ടർ
3. മികവ് മേഖല.
4. സംയുക്ത ഡയറി - സ്വന്തം ഡയറി
5. പാട്ടരങ്ങ്.
6. സചിത്ര പുസ്തകം.
7. നാട്ടുവിശേഷം തേടിപ്പോന്ന്.
8. ക്ലാസ് പത്രം.
9. പഠനോത്സവം.
10. വായനോത്സവം.
11. ഭാഷോത്സവം.

12 ഗണിത കേളികൾ.

13 ഗണിത കിറ്റ്.

14 പരീക്ഷണങ്ങൾ.

15 ലഘു പ്രോജക്ട്

16 പരീക്ഷണ കിറ്റ്.

17 രക്ഷിതാക്കളുടെ ശില്പശാല.

18 ഭക്ഷ്യമേള

19 പലഹാരമേള.

ആമുഖം

ഗവൺമെന്റ് GLPS 2025--26 അധ്യയനവർഷം കുട്ടികൾ രണ്ടാം ക്ലാസ്. ഏ ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവിശ്യമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ - രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും

- സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും ആശയഗ്രഹണ വായന ഉറപ്പുവരുത്തുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
- വർഷാവസാനം സ്വതന്ത്രമായ വായനയിൽ ഏർപ്പെടുത്തുകയും, വ്യക്തിഗത രചനയിൽ ഏർപ്പെടുത്തുകയും ചെയ്യുന്നു.
- ആശയങ്ങൾ, ഈണം, എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

# പ്രവർത്തന കലണ്ടർ

1. പ്രവർത്തന കലണ്ടർ - മെയ്.
2. മലയാള മധുരം - ജൂൺ - മാർച്ച്.
3. സംയുക്ത ഡയറി - ജൂൺ - മാർച്ച്.
4. സചിത്ര പുസ്തകം - ജൂൺ - മാർച്ച്
5. പാട്ടരങ്ങ് - ജൂൺ - മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ - മാർച്ച്
7. ക്ലാസ് പത്രം - ഓഗസ്റ്റ് മാസം തൊട്ട് തീരെ.
8. ചലനോത്സവം - ജൂലൈ മുതൽ ജനുവരി.
9. വായനോത്സവം - ജൂൺ - മാർച്ച്
10. ഭക്ഷ്യോത്സവം - ജനുവരി.
11. ഗണിത കേളികൾ - ജൂൺ - മാർച്ച്
12. ഗണിത കിറ്റ് - ജൂൺ - മാർച്ച്
13. പരീക്ഷണങ്ങൾ - ഓരോ മാസവും
14. രക്ഷിതാക്കളുടെ ശില്പശാല - ജൂൺ.
15. ഭക്ഷ്യമേള - ഡിസംബർ.
16. പലഹാരമേള - ഡിസംബർ

മലയാളം മധുരം.

പ്രവർത്തന ലക്ഷ്യങ്ങൾ.

- ആത്മവിശ്വാസത്തോടെ സ്വന്തം വായന-യ്ക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു
- ആശയം ഗ്രഹിച്ച് വച്ച് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരു-ക്കുന്നു.

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്. ആർ. ജിയിൽ അവലോകന
കുട്ടിയും അധ്യാപികയും ചേർന്ന വായന നടത്തു-ന്നു.

2. സചിത്ര സഹായി

ലക്ഷ്യ പ്രസ്താവനകൾ.

- സ്വന്തം അനുഭവത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വന്തം രചന നടത്തുന്നതിന്
- ഭാഷാശേഷി വികസിപ്പിക്കുന്നതിന്

## പാട്ടരങ്ങ്

### ലക്ഷ്യ പ്രസ്താവനകൾ

- താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.
- ഈണം, താളം, ഭാവം, എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് പ്രവർ-
- ത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു. കുട്ടികളുടെ പങ്കാളിത്തത്തോടെ പാട്ടരങ്ങ് അവതരിപ്പിക്കുന്നു.

### 6. സചിത്ര പുസ്തകം

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികളും സചിത്ര പുസ്തകം - വർക്ക് ബുക്ക് ലഭ്യമാകുന്നു.

ഉദ്ദേശിച്ച ലക്ഷ്യങ്ങൾ ശിൽപശാലയിൽ സം-
ഘടിപ്പിക്കുന്നു.

* റിസോഴ്സ് തിയേറ്റർ.

ലക്ഷ്യ പ്രസ്താവന

ഒന്നാം ക്ലാസിലെ എല്ലാവർ കുട്ടിക-
- ളും റിസോഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ ഉൾപ്പെടുന്നു.
- ഒന്നാം ക്ലാസിലെ എല്ലാവർ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകത്തിലെയും മറ്റ് ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റിസോഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.

നാട്ടുവിശേഷം, തുടങ്ങുന്ന്

പരിസരപഠനത്തിലൂടെ ഭാഷാപഠന
- സാധ്യതകൾ ഒരുങ്ങുന്നു.

പ്രകൃതി നിരീക്ഷണത്തിലൂടെ ശേഖരിച്ച ആശ-
- യങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതാൻ കഴിയുന്നു.

നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പുവരുത്തി ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

ഭാഷാപഠനം

ഭാഷാപ്രവർത്തനങ്ങൾ,

- വ്യത്യസ്തവും രസകരവുമായി അവതരിപ്പിക്കുന്നു.
- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാകുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശേഖരിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവുനേടുന്നു.
- ദൈനംദിന അനുഭവങ്ങൾ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

രചനോത്സവം

എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു രചനാ പ്രവർത്തനങ്ങൾക്ക് വ്യത്യസ്തമായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു. ത്രൈമാസ ഇടവേളകളിൽ രചനാതല പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## വായനോത്സവം

എല്ലാ കുട്ടികളെയും സ്വന്തം വായനക്കാരാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നു.

ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു.

ഓരോ മാസവും വായനാമത്സരം നടത്തുന്നു

## ഭാഷോത്സവം

ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി - വായിക്കുന്നതിന് അവസരം ഒരുക്കുന്നു.

കുട്ടികളുടെ സ്വന്തം രചനയ്ക്ക് സാധ്യതയൊരുക്കുന്നു

കുട്ടികളുടെ സർഗാത്മകത, സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നു.

ആശയങ്ങളെ / അനുഭവങ്ങളെ വ്യവഹാര രൂപത്തിൽ അവതരിപ്പിക്കുന്നു.

## ഗണിത കേളികൾ

കുട്ടികൾക്ക് ഗണിതകേളികളിൽ താൽപര്യം ഉണ്ടാകുന്നു.
ഗണിത പഠനത്തിൽ താൽപര്യമുണ്ടാകുന്നു.
ആത്മവിശ്വാസം വളർത്തുന്നു.
വ്യത്യസ്തമായ 10 ഓ അനുയോജ്യമായ ഗണിത കേളികൾ ഉൾപ്പെടുത്തുന്നു.
2 കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)
ഡൊമിനോ കളികൾ (വ്യവകലനം)
ബോൾ കളികൾ (ഗുണനം)

## ഗണിത കിറ്റ്

ഗണിത ശേഷികൾ കൈവരിക്കുന്നതിനു സഹായകമാകുന്നു.
ഗണിതം ആസ്വാദ്യകരമാകുന്നു.
10ന്റെ കെട്ടുകൾ, മഞ്ചാടി പുളിങ്കുരു, മുത്തുകൾ, അടപ്പുകൾ, എന്നിവ അടങ്ങിയ കിറ്റുകൾ ഗണിത കിറ്റിൽ ഉൾപ്പെടുന്നു.
കലണ്ടർ, ടേൺ & മാർച്ച്.

ഫലിതങ്ങൾ.

ശാസ്ത്ര പഠനം ആസ്വാദകരമാകുന്നു.
അന്വേഷിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.
വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മതയോടെ ഉപയോഗിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.
യുക്തിചിന്ത വളർത്തുന്നു.
പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുന്നതിനും കഴിയുന്നു.

മെച്ചപ്പാടുകൾ

കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക.
കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, അനുമാനം, വർഗീകരണം, അപഗ്രഥനം എന്നിവയിലൂടെ നിഗമനത്തിൽ എത്തിച്ചേരുന്നു.

## പരീക്ഷണ കിറ്റ്

എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണ
ങ്ങൾ സ്വന്തമായി ചെയ്യുന്നതിന്.
വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം
ചെയ്യാൻ പ്രാപ്തരാകുന്നു.
ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം
വളർത്തുന്നു.

## രക്ഷിതാക്കൾക്ക് ശിൽപശാല

പഠനത്തിൽ കുട്ടികളെ ക്രിയാത്മക
മായി സഹായിക്കുന്നു. പാഠഭാഗങ്ങളും
പഠനവസ്തുക്കളും, സ്വയം തിരിച്ചറിഞ്ഞ്
സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.
പാഠഭാഗത്തിൽ വരുന്ന വ്യത്യസ്ത പ്രവർത്ത
നങ്ങൾ ചെയ്യേണ്ട വിധവും രക്ഷിതാക്കൾക്ക്
അവബോധമുണ്ടാകുന്നു.

## ഭക്ഷ്യമേള

പാഠഭാഗവുമായി ബന്ധപ്പെട്ട്
നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ
എല്ലാ തരത്തിലുമുള്ള ആഹാര പദാർ
ത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന്.

തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യ മേള സംഘടിപ്പിക്കുന്നു.

## പലഹാര മേള

പാരമ്പര്യവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ അതിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

## പ്രസ്താവനകൾ

പല തരം പലഹാരങ്ങൾ മനസ്സിലാക്കുന്നു

അവ ഉണ്ടാക്കുന്ന വിധം മനസ്സിലാക്കുന്നു

ലഘു പാചക കുറിപ്പ് തയാറാക്കുന്നു.

പാരമ്പര്യ ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാരമേള സംഘടിപ്പിക്കുന്നു.

# GLPS
# THODIYOOR

## ACADEMIC MASTER PLAN

### CLASS III

### 2025-26

അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാഹചര്യത്തിൽ ഇടപെട്ട് ജീവിക്കുവാനാവശ്യമായ ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തിത്വ വികസനത്തിലൂടെ സാമൂഹിക പുരോഗതി നാം ലക്ഷ്യം വയ്ക്കുന്നു. വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകല്പന ചെയ്യുന്നതിനായി വ്യക്തമായ ആസൂത്രണത്തോടെ പ്രവർത്തന പരിപാടികൾ ആരംഭിക്കുന്നു. മികച്ച ആസൂത്രണം പരിപാടിയുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. 2025 - 26 അധ്യയന വർഷത്തിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ലക്ഷ്യം വച്ച് ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുതകുന്ന ക്ലാസ്തല മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ഇവിടെ ലക്ഷ്യം വയ്ക്കുന്നു.

# ACADEMIC MASTER PLAN
# CLASS III
# MALAYALAM.

## Introduction

കുട്ടികൾക്ക് മലയാളം എഴുതാനും വായിക്കാനും അനായാസം കൈകാര്യം ചെയ്യാനുമുള്ള കഴിവു നേടുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിട്ടുള്ളതാണ് മൂന്നാം ക്ലാസിലെ മലയാളം പാഠപുസ്തകം. കഥകളും പാട്ടുകളും കളികളും നിറഞ്ഞ ഇതിലെ പ്രവർത്തനങ്ങൾ കുട്ടികൾക്ക് ആകർഷകവും ആനന്ദം പ്രദാനം ചെയ്യുന്നതുമാണ്. കുട്ടികളിൽ അടിസ്ഥാന ഭാഷാശേഷി വികസനത്തിനുതകുന്ന ഈ പുസ്തകവും പ്രവർത്തനങ്ങളും ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനമികവ് പരിപോഷിപ്പിക്കുകയും സർഗാത്മകതയെ ഉണർത്തുകയും ചെയ്യുന്നു.

ഇതുവഴി കുട്ടികളിൽ വായന പരിപോഷിപ്പിക്കപ്പെടുകയും സാഹിത്യ പ്രതിഭകളെ അടുത്തറിയാനവസരം ലഭിക്കുകയും സർഗാത്മക രചനയിൽ മികവു പുലർത്താൻ കഴിയുകയും ചെയ്യുന്നു. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നൽകിയ പ്രവർത്തനങ്ങളെ ഇതോടനുബന്ധിച്ച് കുട്ടികൾക്ക് നൽകാനും സാധിക്കും.

## ലക്ഷ്യം

- വായന പരിപോഷിപ്പിക്കൽ, പിന്നോക്കാവസ്ഥ പരിഹരിക്കൽ
- എഴുത്ത്, സർഗാത്മക ശേഷി എന്നിവ പരിപോഷിപ്പിക്കൽ.

## ജൂൺ.

- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നിശ്ചിത മേഖലകളെ സംബന്ധിച്ച പ്രവർത്തനങ്ങൾ നൽകൽ.
- അടിസ്ഥാന ഭാഷാ ശേഷി വികസനം — കഥാകഥനം, ഗാനാലാപനം, വായനാ കാർഡുകളും ലഘു കഥകളും വായന.

## ജൂലൈ

- വ്യവഹാര രൂപങ്ങൾ പരിചയപ്പെടൽ
- സർഗാത്മ രചനകൾക്കവസരം നൽകൽ
- രചനാ ശില്പശാലകൾ സംഘടിപ്പിക്കൽ

## ആഗസ്റ്റ്

- വായനാ പരിപോഷണം.
- പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം.
- വായനാക്കുറി.

## സെപ്തംബർ

- സാഹിത്യ പ്രതിഭകളെ അടുത്തറിയാം — കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം.
- ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ.
- ലൈബ്രറി പുസ്തക വായന.
- വായനാശേഷി വളർത്തൽ

## ഒക്ടോബർ, നവംബർ

- ക്ലാസ് വായനാക്കൂട്ടം സംഘടിപ്പിക്കൽ
- ക്ലാസ് ലൈബ്രറി ഒരുക്കൽ
- പുസ്തക പരിചയം- അവതരണം
- വായനാക്കുറിപ്പ്/ആസ്വാദനക്കുറിപ്പ്/ പുസ്തക സംവാദം

## ഡിസംബർ, ജനുവരി

- സർഗ്ഗാത്മക രചനയ്ക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട് അവസരം നൽകൽ മികച്ചത് കണ്ടെത്തി ക്ലാസ് മാഗസിൻ തയ്യാറാക്കൽ
- പാഠഭാഗവുമായി ബന്ധപ്പെട്ട് ചിത്രകഥാ രചന നടത്തുന്നു.

## ഫെബ്രുവരി

- സമീപത്തുള്ള എഴുത്തുകാരുമായി അഭിമുഖം
- ദിനാചരണങ്ങൾ സംഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ചയും

ദിനാചരണം സംഘടിപ്പിക്കലും.

<u>മാർച്ച്</u>

- പാഠഭാഗവുമായി ബന്ധപ്പെട്ട ഇലകൾ നേരിട്ടറിയൽ
- ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

CLASS III

ENGLISH

# ACADEMIC MASTER PLAN

## Introduction.

Academic master plan indicate the path to academic development. It is a guideline based on which a decision can be taken on the different academic activities, significance of the technical education in the present scenario, academic orchestration, various splendid opportunities available for the students. The masterplan is the system and structure that an effective leader creates and consistently governs to ensure that all key stake-holders are able to assist in effectively stewarding the mission, vision and school performance plan.

# ACADEMIC MASTER PLAN

## class III English.

Aim :- To speak, read and write English without any mistakes.

Time : June to march.

PRETEST : To check vocabulary and writing skills of pupils

June and July

To develop listening skills and reading skills.

- Games, Action songs, Hello english activities.
- Conversation skit, stories using ICT
- Identify naming words and action words from pictures, and make simple sentences.
- Picture reading, description, growing sentences.

Assembly also conducted.

• Speech, book review, quiz riddles, self introduction

## August and september

Develop the Creative Speaking and writing.

- News paper reading, library book reading, book review presentation.
- Collect and read past tense, rhyming word, Describing word Text book activities.
- Make word web, simple sentences description, paragraph, conversation, short story, adding more lines etc.

## October and November

To express thoughts and feelings.

- News paper reading
- Collect and read notices,
- Develop stories and conversations
- express thoughts of others.
- Prepare notice, poster etc..

## December & January

- Develop creative speaking and writing
- Express thoughts and feelings.
- Prepare magazines, news reporting and preparation of news paper.
- Conversations and skits.
- Develop story
- Diary writing
- Announcement, letter writing.
- Performing, Drama, Skit etc

## February & March.

- To improve the presentation power
- Perform Drama, skit, roleplay Action song, story telling etc.
- Diary writing
- Letter, poster, notice preparation,
- Picture description.
- Reading newspaper.
- Speech, quiz, riddles, make magazines skits etc.

# ACADEMIC MASTER PLAN

## CLASS III

## പരിസര പഠനം.

**ആമുഖം:**

പ്രകൃതിയെ അറിയാനും പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കാനും സഹജീവി സ്നേഹം, കരുണ മുതലായ മാനുഷിക മൂല്യങ്ങൾ പരിപോഷിപ്പിക്കാനും ഉതകുന്ന പാഠപുസ്തകമാണ് മൂന്നാം ക്ലാസിലെ പരിസര പഠനം പാഠപുസ്തകം. പാഠപുസ്തക പ്രവർത്തനങ്ങളുടെ ഭാഗമായി പൂന്തോട്ട നിർമ്മാണത്തിനും പച്ചക്കറിത്തോട്ട നിർമ്മാണത്തിനും കുട്ടികൾക്കവസരം ലഭിക്കുന്നു. കുട്ടികൾക്ക് സ്വയം അറിയാനും വ്യക്തിശുചിത്വം പാലിക്കാനും ചുറ്റുപാടിനെ അറിയാനും പരിസരശുചിത്വത്തിന്റെ ആവശ്യകത മനസ്സിലാക്കാനും നല്ല ആഹാര - ആരോഗ്യ ശീലങ്ങൾ പാലിക്കാനും ഉതകുന്ന പ്രവർത്തനങ്ങളും പരീക്ഷണ നിരീക്ഷണങ്ങളും ഇതിൽ ഉൾപ്പെടുന്നു. കുട്ടിയുടെ സർവ്വതോന്മുഖമായ വ്യക്തിത്വ വികസനത്തിന് ഈ പാഠ്യപദ്ധതിയും പാഠപുസ്തകവും സഹായകമാണ്.

**ലക്ഷ്യം**

- പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുക.
- സഹജീവി സ്നേഹം, ആവാസ വ്യവസ്ഥയുടെ സംരക്ഷണം

- ശുചിത്വം പാലിക്കൽ, കൃഷി പരിപാലനം, ആരോഗ്യ കായിക വിദ്യാഭ്യാസവും അനുബന്ധ പ്രവർത്തനങ്ങളും

- നാടിനെ അറിയൽ, കാലാവസ്ഥയും പ്രകൃതിയുടെ മാറ്റവും മനസ്സിലാക്കൽ.

ജൂൺ

- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ട്രാഫിക് നിയമങ്ങൾ, ശുചിത്വത്തിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങൾ EVS പാഠപുസ്തക പ്രവർത്തനങ്ങളോടനുബന്ധിച്ച് നൽകൽ.

- പ്രകൃതി നടത്തം, ചുറ്റുപാടിനെ തിരിച്ചറിയൽ, പരിസ്ഥിതി ദിനാചരണം പോസ്റ്റർ/ പതിപ്പ് നിർമാണം.

ജൂലൈ

- വ്യത്യസ്ത ജീവികളെ നിരീക്ഷണം, വസ്തു നിരീക്ഷണം, ജൈവവൈവിധ്യ ഉദ്യാനം - നിർമ്മാണം.

- സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങളുടെ ആസൂത്രണം.

ഓഗസ്റ്റ്, സെപ്റ്റംബർ.

- മഴ മാപിനി നിർമ്മാണം, കാലാവസ്ഥാ വ്യതിയാനങ്ങൾ തിരിച്ചറിയൽ

- ജല സംരക്ഷണം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം.

- ശുചിത്വ പോസ്റ്റർ നിർമാണവും ക്ലബ്ബ് പ്രവർത്തനങ്ങളും
- ഡോക്ടറുമായി അഭിമുഖം.

ഒക്ടോബർ, നവംബർ.

- ഫീൽഡ് ട്രിപ്പ്, കൃഷി, ഭക്ഷ്യമേള
- സ്കൂൾ പച്ചക്കറിത്തോട്ടം – പരിപാലനം.
- എന്റെ ആരോഗ്യ കാർഡ് – ഓരോ കുട്ടിക്കും
- ശരിയായ ഭക്ഷണശീലം – poster.
- സ്വയം സുരക്ഷ – ചർച്ചയും ബോധവൽക്കരണവും

ഡിസംബർ, ജനുവരി

- ഇന്ത്യയെ അറിയൽ, ദേശീയ പതാക, ദേശീയ ചിഹ്നം – വരയ്ക്കൽ
- പരീക്ഷണങ്ങൾ
- ഭൂപട വായന, ഭൂപ്രകൃതി തിരിച്ചറിയൽ

ഫെബ്രുവരി, മാർച്ച്

- വീട് നിർമാണം, പക്ഷിക്കൂടുകൾ ശേഖരണം
- വ്യത്യസ്ത ജോലികൾ – മഹത്വം തിരിച്ചറിയൽ
- പൊതുസ്ഥാപനം – സേവനങ്ങൾ തിരിച്ചറിയൽ
- പഠനോത്സവം.

# ACADEMIC MASTER PLAN
## CLASS III
## MATHEMATICS

### ആമുഖം

പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ട് ഗണിതപഠനം രസകരമാക്കുക എന്ന ഉദ്ദേശത്തോടുകൂടി തയ്യാറാക്കിയതാണ് മൂന്നാം ക്ലാസ്സിലെ ഗണിത പാഠപുസ്തകം. നിത്യ ജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലനമിവ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസ്സിൽ ലക്ഷ്യമിടുന്നു. അളവുകൾ പരിചയപ്പെടുന്നു. ഗുണന വസ്തുതകൾ പരിചയപ്പെടുന്നു. ഇതിന്റെയെല്ലാം പ്രായോഗിക മൂല്യം തിരിച്ചറിയുന്നു.

### ലക്ഷ്യം

- നിത്യ ജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നു
- ഗുണന വസ്തുതകൾ ഉറപ്പിക്കുന്നു.

### ജൂൺ

- ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയുന്നു.
- ഒറിഗാമി / ടാൻഗ്രാം ചിത്രങ്ങൾ - നിർമാണവും പ്രദർശനവും.

ജൂലൈ, ആഗസ്റ്റ്

- ഒരു കുട്ടിക്കും ഒരു കണക്കു പെട്ടി
- ഗണിത ശില്പശാല.
- ഷിനെജുകൾ, സംഖ്യാ സ്ട്രിപ്പുകൾ, അബാകസ് എന്നിവ ഉപയോഗിച്ചുള്ള സംഖ്യാവബോധം വളർത്തൽ.

സെപ്തംബർ

- പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം.

ഒക്ടോബർ

- സ്കെയിൽ നിർമാണം
- കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം എന്നിവ കണ്ടെത്തൽ.

നവംബർ

- ഗുണന വസ്തുത കാർഡ് നിർമാണം
- ഗണിതം കളികളിലൂടെ അവതരിപ്പിക്കൽ

ഡിസംബർ, ജനുവരി

- ഗണിതലാബ് പ്രവർത്തനം സുതാര്യമാക്കൽ പഠനത്തിന് പ്രയോജനപ്പെടുത്തൽ.
- പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണവും പ്രദർശനവും

## ഫെബ്രുവരി, മാർച്ച്.

- ഗണിത ശേഷികളുടെ പ്രകടനം.
- പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠനോത്പന്നങ്ങളുടെ പ്രദർശനം — പഠനോത്സവം.
- പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ.

# ACADEMIC MASTERPLAN

## 2025-2026

GLPS THODIYOOR

# Govt. LP School Thodiyoor

## STANDARD IV

# ക്ലാസ് തലഅക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാസംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| • ആഹ്ലാദപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ<br>• വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ<br>• സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവു വികസിപ്പിക്കൽ<br>• വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ<br>• എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറിഉറപ്പാക്കൽ | പാഠപുസ്തകം ടീച്ചർടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ, ആവശ്യമായ പുതിയപുസ്തകങ്ങൾ ലഭ്യമാക്കൽ | മെയ് 2025 | എസ് ആർ ജി | |
| | കാഴ്ച പരിമിതിയുള്ള കുട്ടിക്ക്കൂടി സഹായകമായ ശ്രവണ പാഠം തയ്യാറാക്കൽ | മെയ് 2025 | എസ് ആർ ജി | |
| | കുട്ടികൾക്കൊരു പുസ്തക സമ്മാനം | ജൂൺ | പി ടി എ/ സ്പോൺസറിങ് | പ്രവേശനോത്സവം |
| | ക്ലാസ് ലൈബ്രറി രൂപപ്പെടുത്തൽ | ജൂൺ ആദ്യവാരം | ക്ലാസ് പി ടി എ | |
| | കുട്ടികളുടെ പുസ്തക മേള സംഘടിപ്പിക്കൽ | ജൂൺ 19 | സ്കൂൾ പി ടി എ, എസ് എം സി, പൂർവ്വവിദ്യാർത്ഥി സംഘടന.. | |
| | അമ്മമാരുടെ വായന, രചനാശില്പശാല | ജൂലായ് | എസ് ആർ ജി, പ്രാദേശിക വിദഗ്ധർ | |
| | ആദ്യ പൊതു അവതരണം, വായനാക്കുറിപ്പുകൾ വായിക്കൽ, പ്രദർശനം | ആഗസ്റ്റ് /സെപ്റ്റംബർ | | ക്ലാസ് പിടി എ |
| | | ജനവരി | | ക്ലാസ് പഠനോത്സവം |
| | എല്ലാകുട്ടികളുടെയും രചനാപരിചയക്കുറിപ്പുകളുടെ പ്രകാശനം | 2026 മാർച്ച് 20 / 21 | | ലോക കഥാദിനം/ കവിതാദിനം |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ. പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചാ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശേ.<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

## English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

Downloaded from: https://textbooksall.blogspot.com/

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒന്ന ഇംഗ്ലീഷ് ഠലമരവലൃ ടണഇ ഇംഗ്ലീഷ് ജഠഅ | ജഠഅ ഋഢഇ ടണഇ |

# ഗണിതം (Std IV)

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും . ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനോപകരണശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ . | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഎ<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# GLPS THODIYOOR

## ACADEMIC MASTER PLAN

## ARABIC

## 2025-26

## ആമുഖം

ഒന്ന്, രണ്ട്, മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികളുടെ ഭാഷാ വികസനമാണ് ലക്ഷ്യം വെക്കുന്നത്. 2025 - 26 അധ്യയന വർഷം കുട്ടികൾ എഴുത്ത്, വായന, മറ്റ് അടിസ്ഥാന നേട്ടങ്ങൾ കൈവരിക്കുന്നതിനും കുട്ടികളുടെ പ്രവർത്തന മേഖലയെ വിപുലീകരിക്കുന്നതിനും പ്രാധാന്യം നൽകുന്നു.

## ലക്ഷ്യങ്ങൾ

* അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്.
* ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദനിർമ്മാണം, പദശേഖരണം.
* ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു, പറയുന്നു.
* കഥ കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന് വേണ്ടി.
* വാക്യനിർമ്മാണം
* ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

## ജൂൺ , ജൂലൈ , ആഗസ്റ്റ്

**ഉപലക്ഷ്യങ്ങൾ**

അക്ഷരവായന, എഴുത്തുരീതി, ചിഹ്നങ്ങൾ ചേർത്തുവായന

- അക്ഷരക്കാർഡുകൾ നൽകുന്നു.
- അക്ഷരങ്ങൾക്ക് നിറം നൽകുന്നു.
- ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു / വായിക്കാൻ
- വേണ്ടി പരിശീലിപ്പിക്കുന്നു.
- അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.
- IT ഉപയോഗിക്കുന്നു.

നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം

- ശരിയായ രീതിയിൽ കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു.
- രക്ഷിതാവിന്റെ സഹായത്തോടെ കുട്ടിയെ പഠിപ്പിക്കുന്നു.
- അക്ഷര പഠന സഹായി ഉപയോഗിക്കുന്നു.
- വീടുകളിൽ അക്ഷരച്ചാർട്ട്.
- കുട്ടികൾ ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നുണ്ടോ ചിഹ്നങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു

## ഗൈഡ്, മെന്റർ, ഉദ്ബോധകൻ

- പഠനിർമ്മാണം, പഠബോധനം. എന്നിവക്ക് പ്രോത്സാഹനം
- അന്വേഷണങ്ങൾ നൽകി പാഠങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു.
- പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പാഠങ്ങൾ ശേഖരിക്കാൻ അവസരം നൽകാം.
- പഠനിർമ്മാണ മത്സരങ്ങൾ നടത്തുന്നു.
- പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ

السَّلَامُ عليكم وعليكم السلام ، صباح الخير

صباح النور ، كيف الحال؟ ، زين الحمد لله

നിത്യജീവിതത്തിൽ സന്ദർഭങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നു.

- രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു.
- അറബി വേഷത്തിൽ അഭിനയ പ്രവർത്തനങ്ങൾ നൽകാം
- വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞു ശീലിക്കുന്നു.
- വായനക്ക് പ്രോത്സാഹനം നൽകുന്നു.
- ചിഹ്നങ്ങൾ ഉപയോഗിച്ച് ശരിവായിക്കാൻ ശീലിപ്പിക്കുന്നു.

നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്

× കവിത കേട്ട് ആസ്വദിക്കുന്നു., മാഗസിൻ നിർമ്മാണം, ദിനാചരണങ്ങൾ പരിചയപ്പെടുത്തൽ.

× ചെറിയ കവിതകൾ, കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ, ഉപചാരവാക്കുകൾ, പുതിയ പദങ്ങൾ, എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിക്കുകയും ചെയ്യുന്നു. ചിത്രങ്ങൾ വരക്കാം..

× ചെറിയ കഥാകവിതാ പുസ്തകങ്ങൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.

× ചിത്രങ്ങൾ, അക്ഷരങ്ങൾ പദങ്ങൾ ഉപചാരവാക്കുകൾ കഥ, കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി. ഒരു മാഗസിൻ നിർമ്മാണം.

× ഓരോ ദിനാചരണത്തിന്റെയും ഭാഗമായി ക്ലാസ്സിലിരുന്ന് പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു.

× രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരക്കുന്നതിനും സഹായം തേടുന്നു